**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം-ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി നിയമിതനായ ശ്രീ.ബിനിൽ.വി.എം-ന് ജോലിയിൽ പ്രവേശിക്കുന്നതിന് അധികസമയം അനുവദിച്ചു കൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ.1472/2017/തസ്വഭവ, തിരുവനന്തപുരം, തീയതി:08/05/2017

---

പരാമർശം : 1) 28/06/2000-ലെ സർക്കാർ സർക്കുലർ നം.5966/ഉപദേശ.സി3/2000/ഉഭപവ.
2) പത്തനംതിട്ട ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 05/12/2016 ലെ ഡി1 349/16 നമ്പർ നടപടിക്രമം.
3) ശ്രീ.ബിനിൽ.വി.എം സമർപ്പിച്ച 02/01/2017-ലെ അപേക്ഷ.
4) പത്തനംതിട്ട ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 07/01/2017 ലെ ഡി1 349/16 നമ്പർ നടപടിക്രമം.
5) ഗ്രാമവികസന കമ്മീഷണറുടെ 09/03/2017-ലെ 1559/എച്ച്&റ്റി3/2017/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ബിനിൽ.വി.എം, ഇലത്താന്നി വീട്, മാവിലക്കടവ്, ഉച്ചക്കട.പി.ഒ, തിരുവനന്തപുരം എന്നയാൾക്ക് ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകിക്കൊണ്ട് പത്തനംതിട്ട ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തനിക്ക് മധുര അരവിന്ദ് ആശുപത്രിയിൽ കണ്ണിന്റെ തുടർ ചികിത്സ നടക്കുന്നതിനാൽ ജോലിയിൽ പ്രവേശിക്കുവാൻ കഴിയില്ലെന്നും പ്രവേശന സമയം 3 മാസം ദീർഘിപ്പിച്ചു നൽകണമെന്നും ശ്രീ.ബിനിൽ.വി.എം പരാമർശം (3) പ്രകാരം അപേക്ഷിച്ചതിനെത്തുടർന്ന് ടിയാന് പ്രവേശന സമയം 45 ദിവസം (18/01/2017 വരെ) ദീർഘിപ്പിച്ചു കൊണ്ട് നിയമനാധികാരി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ടിയാന് 19/01/2017 മുതൽ 90 ദിവസം പ്രവേശനകാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമിതനായ ശ്രീ.ബിനിൽ.വി.എം, ഇലത്താന്നി വീട്, മാവിലക്കടവ്, ഉച്ചക്കട.പി.ഒ, തിരുവനന്തപുരം എന്നയാൾക്ക്, ടിയാൻ നേത്രരോഗവുമായി ബന്ധപ്പെട്ട് ചികിത്സയിലാണെന്ന സാഹചര്യം പരിഗണിച്ച് പ്രത്യേക കേസായി കണക്കാക്കി പരാമർശം (4) പ്രകാരം നിയമനാധികാരി അനുവദിച്ച 45 ദിവസത്തിനു പുറമേ 19/01/2017 മുതൽ 90 ദിവസത്തേക്കു കൂടി പ്രവേശന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസം കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതിനാൽ ടിയാന്റെ സീനിയോറിറ്റി KS&SSR Part II ചട്ടം 27 (c)-യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ കണക്കാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.ബിനിൽ.വി.എം, ഇലത്താന്നി വീട്, മാവിലക്കടവ്, ഉച്ചക്കട.പി.ഒ, തിരുവനന്തപുരം.
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5) ഇൻഫർമേഷൻ &പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ